DESPATCHED On...1.9.3.2020

20/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**


## ഹർജി നമ്പർ C.P. No.1098 (6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13787/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഉണ്ണികൃഷ്ണൻ കെ..
നന്ദനം, ജെ.പി. നഗർ, നടത്തറ പി.ഒ.,
തൃശ്ശൂർ– 680 751
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
എക്സി.എഞ്ചിനിയറുടെ കാര്യാലയം,
പി.ഡബ്ല്യു.ഡി. എൻ.എച്ച്(ബി) ഡിവിഷൻ,
കൊടുങ്ങല്ലൂർ, തൃശ്ശൂർ.–680664
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 09.10..2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.08.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 20.08.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 19.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,തൃശ്ശൂർ |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.ഉണ്ണികൃഷ്ണൻ കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, എതിർകക്ഷി നൽകിയ മറുപടി തികച്ചും അവ്യക്തമായിരുന്നുവെന്നും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) 18.02.2012 തീയതിയിലെ G.O(MS) No.23/2012/PWD നമ്പർ ഉത്തരവിലെ 5-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ള കൂടുതലായി ചേർക്കപ്പെട്ട പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും

ii)
- a) അനക്ഷർ II ൽ പ്രസ്താവിച്ചിട്ടുള്ള പണികൾ ഗവൺമെന്റിന് തൃപ്തികരമായ വിധത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും
- b) ടി പ്രവൃത്തി എസ്റ്റിമേറ്റഡ് തുകയിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും
- c) ടി പ്രവൃത്തിക്ക് തൂടുതലായി ഏന്തെങ്കിലും തുക ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും
- d) എസ്റ്റിമേറ്റഡ് തുകയ്ക്ക് മുകളിലുള്ള പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ എന്നും മറ്റുമായി 7 പ്രധാന ഇനങ്ങളിലും ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ റോഡ് എതിർകക്ഷി കാര്യാലയത്തിന്റെ പരിധിയിൽ ആയിരുന്നില്ലായെന്നും ആയതിനാൽ കൃത്യതയാർന്ന വിവരങ്ങൾ നൽകുന്നതിന് ടി അപേക്ഷ പ്രോജക്റ്റ് ഡയറക്ടർ NHAI, പാലക്കാടിന് കൈമാറിയിരുന്നുവെന്നും പരാമർശിത G.O യിൽ പ്രസ്താവിച്ചിരിക്കുന്നത്, "as per the state support agreement, the state government have to give all support to the developmental activities of National Highways in the state. As per the

RIGHT TO INFORMATION

concession agreement between the NHAI and the concessionaire , the concerned concessionaire can collect toll at specified rate for 17 ½ years" എന്നാണെന്നും അതു പ്രകാരം ഫെബ്രുവരി 2012 മുതൽ സെപ്റ്റംബർ 2012 വരെ ഫ്രീ പാസ് അനുവദിക്കപ്പെട്ട ഇനത്തിൽ 3, 59, 24, 955 രൂപ കേരള ഗവൺമെന്റ് കൺസഷനറായ GIPL കമ്പനിക്ക് നൽകിയിട്ടുണ്ടെന്നും എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ കൺസഷനർ പൂർത്തിയാക്കാത്തതിനാലും ടോൾ പ്ലാസയിൽ നിന്നും 10 കി.മീ. ചുറ്റളവിലാണ് താമസിക്കുന്നതെന്ന രേഖ ബന്ധപ്പെട്ട അധികാരികൾ സമർപ്പിക്കാത്തതിനാലും ഒക്ടോബർ 2012 മുതലുള്ള ഫ്രീ പാസ്സുകൾക്ക് ഗവൺമെന്റ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ തുടർന്ന് ഇന്നേവരെ കൺസഷണർക്ക് തുക നൽകിയിട്ടില്ല എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി ഓഫീസിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ഹർജിക്കാരനു നൽകിയിട്ടുള്ളതായും മറ്റിനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് പ്രൊജക്റ്റ് ഡയറക്ടർ NHAI പാലക്കാടിന് അയച്ചു നൽകിയതായും അക്കാര്യം ഹർജിക്കാരനെ അറിയിച്ചതായും കാണുന്നു. ആയതിനാൽ എതിർകക്ഷിയുടെ ഭാഗത്തു നിന്നും വിവരാവകാശ നിയമ പ്രകാരം യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നു കാണുന്നു. പ്രൊജക്റ്റ് ഡയറക്ടർ NHAI പാലക്കാട് ഓഫീസിൽ നിന്നും വിവരങ്ങളൊന്നും ലഭിച്ചിട്ടില്ലെങ്കിൽ ടി ഓഫീസിലെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണ് വേണ്ടത്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

RIGHT TO INFORMATION

RIGHT TO
INFORMATION